LIBRARY ARCHIVES Kerala Legislative Assembly

കാസർഗോഡ് ബീച്ച് റോഡ് മനോഹരമാക്കൽ

325 (1023) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് ബീച്ച് റോഡ് മനോഹരമാക്കുന്നതിന് എന്തെങ്കിലും പദ്ധതികളാവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് കാസർഗോഡ് ബീച്ച് ഡെവലപ്മെന്റ് പദ്ധതി പ്രകാരം നിർമ്മിച്ച ബിച്ച് പാർക്കിലേക്കുള്ള റോഡാണെന്ന പ്രാധാന്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതിന്റെ മനോഹാരിത വർദ്ധിപ്പിക്കുന്നതിനായി റോഡിന്റെ ഇരുവശങ്ങളിലും ആവശ്യമായ സ്ഥലം ലഭ്യമാക്കുന്നതിന് എന്ത് നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) ഇതു സംബന്ധിച്ചുള്ള സാധ്യതാപഠന റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി&സി) ഉണ്ട്. എന്നാൽ റോഡിന്റെ മനോഹാരിത കൂട്ടുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നതിന് ആവശ്യമായ സ്ഥലം റോഡിന്റെ എല്ലാ ഭാഗത്തും ഒരു പോലെ ലഭ്യമല്ല. കൂടാതെ പ്രസ്തുത റോഡിന്റെ പ്രധാന പങ്കും ജനവാസ കേന്ദ്രത്തിലൂടെയാണ് കടന്ന് പോകുന്നത്. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ പരിമിതികളുണ്ട്.

മാവേലിക്കര മണ്ഡലത്തിലെ വിനോദസഞ്ചാര പദ്ധതികൾ

326 (1024) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ ;

(ബി) മാവേലിക്കര മണ്ഡലത്തിലെ വെട്ടികോട് ചാൽ നവീകരണം ടൂറിസം വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കുന്നതിനായി എം.എൽ.എ.-യുടെ കത്ത് ലഭ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ഡി.റ്റി.ഡി.സി. സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ നൽകാമോ ;

(ഡി) പ്രസ്തുത പ്രവൃത്തിക്ക് നൽകിയ അനുമതിയുടെ പകർപ്പും ഫയൽ നമ്പറും ലഭ്യമാക്കാമോ ;

(ഇ) പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ) ആലപ്പുഴ ജില്ലയിലെ മാവേലിക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വയ്യാങ്കര ചിറയിൽ ടൂറിസം വികസനത്തിനായി ആലപ്പുഴ മെഗാ ടൂറിസം സർക്യൂട്ട് പദ്ധതിയിൽ ഉൾപ്പെടുത്തി 2,59,52,000 (രണ്ടു കോടി അൻപത്തി ഒൻപത് ലക്ഷത്തി അൻപത്തി രണ്ടായിരം രൂപ) അനുവദിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(ബി-ഇ) ലഭിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലത്തിന്റെ ടൂറിസം വികസന സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ആലപ്പുഴ ഡെപ്യൂട്ടി ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

അമ്പലപ്പുഴ മണ്ഡലത്തിലെ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ

327 (1025) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം നാളിതുവരെ വിനോദസഞ്ചാര വകുപ്പ് അമ്പലപ്പുഴ മണ്ഡലത്തിൽ എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത് ;

(ബി) ഓരോ പ്രവൃത്തിക്കും എത്രയുകയ്ക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത് ;

(സി) ഓരോ പ്രവൃത്തിയുടേയും ഇപ്പോഴത്തെ അവസ്ഥ വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly